**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **31-08-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ. കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ.കോളേജിൽ ആധുനിക രീതിയിലുള്ള ഹോസ്റ്റൽ, ലൈബ്രറി കെട്ടിടങ്ങൾ നിർമിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാവുകയും 2019 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബോയ്സ് ഹോസ്റ്റലിനായി നിർമ്മിച്ച കെട്ടിടം താൽക്കാലികമായി ലേഡീസ് ഹോസ്റ്റൽ ആയാണ് പ്രവർത്തിക്കുന്നത്. പെൺകുട്ടികളുടെ ഹോസ്റ്റൽ, ലൈബ്രറി കെട്ടിടം എന്നിവ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 5.49 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ DSR 2018 ലേക്ക് മാറിയതിനാലും GST നിരക്ക് ഉയർന്നതിനാലും 6.9 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിലേക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാവുകയും 2019 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബോയ്സ് ഹോസ്റ്റലിനായി നിർമ്മിച്ച കെട്ടിടം താൽക്കാലികമായി ലേഡീസ് ഹോസ്റ്റൽ ആയാണ് പ്രവർത്തിക്കുന്നത്. പെൺകുട്ടികളുടെ ഹോസ്റ്റൽ, ലൈബ്രറി കെട്ടിടം എന്നിവ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 5.49 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ DSR 2018 ലേക്ക് മാറിയതിനാലും GST നിരക്ക് ഉയർന്നതിനാലും 6.9 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിലേക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ